60 (1509) "പാട്ടത്തിന് നൽകിയിട്ടുള്ള വനഭൂമി"

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനഭൂമി പാട്ടത്തിന് വാങ്ങിയിട്ടുള്ള എത്ര വ്യക്തികളും സ്ഥാപനങ്ങളും ഉണ്ടെന്നറിയിക്കുമോ;

(ബി) ഇതിൽ ഓരോരുത്തരുടെയും കൈവശം എന്തുമാത്രം ഭൂമി ഉണ്ടെന്നും അവർക്ക് ഓരോരുത്തർക്കും നിശ്ചയിച്ചിട്ടുള്ള പാട്ടത്തുക എത്ര യെന്നും അറിയിക്കുമോ;

(സി) ഈ തുക തീരെ കുറവാണെന്ന വിവരം ഗവണ്മെന്റിന് ബോദ്ധ്യ പ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുവോ;

(ഇ) പാട്ട കാലാവധി കഴിഞ്ഞ എത്ര സ്ഥലങ്ങൾ കൈവശക്കാരുടെ കൈയിലുണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്) ഇത്തരം ഭൂമി അടിയന്തിരമായി തിരിച്ചെടുക്കാൻ നടപടി സ്വീക രിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 418 വ്യക്തികൾക്കും 37 സ്ഥാപനങ്ങൾക്കും വന ഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) ഉണ്ട്.

(ഡി) പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) പാട്ട കാലാവധി കഴിഞ്ഞ 38.8248 ഹെക്ടർ വനഭൂമി കൈവശ ക്കാരുടെ പക്കൽ ഉണ്ട്.

(എഫ്) ഇതു സംബന്ധിച്ച ഓരോ കേസിന്റേയും പ്രത്യേകത കണക്കി ലെടുത്ത് യുക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

61 (1510) പട്ടയം നൽകുന്ന ഭൂമിയുടെ വിസ്തീർണ്ണം

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിയേറ്റ കർഷകർക്ക് വനഭൂമിക്ക് പട്ടയം നൽകുന്നതി ലേയ്ക്ക് പട്ടയം നൽകുന്ന ഭൂമിയുടെ വിസ്തീർണ്ണത്തിന്റെ ഇരട്ടി സ്ഥലം വന വൽക്കരണം നടത്തേണ്ടതുണ്ടോ;

(ബി) എത്ര ഏക്കർ ഭൂമിയാണ് ഇതിനായി വനവൽക്കരിക്കേണ്ടുന്ന തെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ ആവശ്യത്തിലേയ്ക്ക് കഴിഞ്ഞ അഞ്ചുകൊല്ലക്കാലത്തെ ചെലവെത്രയാണെന്നും ഏതൊക്കെ ഫോറസ്റ്റ് ഡിവിഷനിലാണ് വനവൽക്ക രണം നടത്തിയതെന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വനവൽക്കരണത്തിന് ചെലവിടുന്ന തുക വേണ്ട വിധത്തിൽ ഉപയോഗപ്പെടുത്തുന്നുണ്ടോയെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 57180 ഹെക്ടർ സ്ഥലത്താണ് വനവൽക്കരണം നടത്തേണ്ടത്.

(സി) 1994-95 വർഷം മുതലാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വനവൽക്കരണ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഇതിനുവേണ്ടി ചെലവഴിച്ച തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) ടി പദ്ധതി പ്രകാരം നടത്തിവരുന്ന ജോലികളുടെ പരിശോധനയും വിലയിരുത്തലും വനം വകുപ്പിന്റെ വിജിലൻസ് വിഭാഗം നടത്തിവരുന്നുണ്ട്.

62 (1511) വനങ്ങളിൽ സ്ഫോടകവസ്തുക്കൾ ഉപയോഗിക്കുന്നതിനെതിരെ നടപടി

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനങ്ങളിൽ സ്ഫോടക വസ്തുക്കൾ ഉപയോഗിക്കുന്നതിന് അനുമതി നൽകാറുണ്ടോ;

(ബി) ഇല്ലെങ്കിൽ വനങ്ങളിൽ സ്ഫോടകവസ്തുക്കൾ ഉപയോഗിച്ച എത്ര കേസുകൾ കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) സ്ഫോടകവസ്തുക്കൾ ഉപയോഗിക്കുന്നതുമൂലം വൃക്ഷങ്ങൾക്കും പുൽമേടുകൾക്കും വന്യമൃഗങ്ങൾക്കും ഉണ്ടാകുന്ന നഷ്ടം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വനങ്ങളിൽ സ്ഫോടകവസ്തുക്കൾ ഉപയോഗിക്കുന്നതിനെ പരിപൂർണ്ണമായി നിരോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തുവാനുദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഇല്ല.

(ബി) കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ വനംവകുപ്പിൽനിന്നും കേസുകളൊന്നും റിപ്പോർട്ടു ചെയ്തിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly